## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 601      29.07.2015-ൽ മറുപടിക്ക്

## കസ്തൂരി രംഗൻ റിപ്പോർട്ട്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സാജു പോൾ<br>ശ്രീ. കെ.കെ. ജയചന്ദ്രൻ<br>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീ. ബി.ഡി. ദേവസ്സി | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി) |
| (എ) കസ്തൂരി രംഗൻ റിപ്പോർട്ട് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് പരിസ്ഥിതി ദുർബല മേഖലകളെ തരംതിരിച്ച് വീണ്ടും റിപ്പോർട്ട് നൽകാൻ കേന്ദ്ര പരിസ്ഥിതി മന്ത്രാലയം ആവശ്യപ്പെട്ടിട്ടുണ്ടോ ; | (എ) കസ്തൂരിരംഗൻ റിപ്പോർട്ട് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് പരിസ്ഥിതി ദുർബലമേഖലകളെ തരംതിരിച്ച് റിപ്പോർട്ട് നൽകാൻ കേന്ദ്ര പരിസ്ഥിതി മന്ത്രാലയം ആവശ്യപ്പെട്ടിട്ടില്ല. എന്നാൽ അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് മുമ്പായി പരിസ്ഥിതിലോല വില്ലേജുകളുടെ അതിർത്തിവിവരണ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) പരിസ്ഥിതി മന്ത്രാലയം ഇത് സംബന്ധമായി 2015 ജൂലൈ 7 ന് വിളിച്ചുചേർത്ത യോഗത്തിൽ സംസ്ഥാനത്തുനിന്ന് ബന്ധപ്പെട്ട മന്ത്രി പങ്കെടുക്കുകയുണ്ടായോ; മലയോര ജനതയുടെ ആശങ്ക പരിഹരിക്കാൻ പ്രസ്തുത യോഗത്തിൽ സ്വീകരിച്ച നിലപാട് വെളിപ്പെടുത്താമോ ; | (ബി) പശ്ചിമഘട്ട സംരക്ഷണവുമായി ബന്ധപ്പെട്ട് പരിസ്ഥിതിലോല പ്രദേശങ്ങളുടെ അതിർത്തി നിർണ്ണയം സംബന്ധിച്ച പ്രവർത്തന പുരോഗതി അവലോകനം ചെയ്യുന്നതിനാണ് 2015 ജൂലൈ 7-ന് പരിസ്ഥിതി മന്ത്രാലയം യോഗം വിളിച്ചുചേർത്തത്. നിയമസഭാ സമ്മേളനത്തിൽ .വനം-പരിസ്ഥിതി വകുപ്പ് മന്ത്രിക്ക് പങ്കെടുക്കേണ്ടിയിരുന്നതിനാൽ വനം-പരിസ്ഥിതി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയാണ് യോഗത്തിൽ പങ്കെടുത്തത്. |
| (സി) ഇക്കാര്യത്തിൽ അന്തിമ വിജ്ഞാപനം എപ്പോൾ പുറത്തിറക്കുമെന്നാണ് യോഗം തീരുമാനിച്ചിട്ടുള്ളത്; കരട് വിജ്ഞാപനത്തിന്റെ കാലാവധി കഴിയുന്നതെപ്പോഴാണ്; | (സി) അന്തിമ വിജ്ഞാപനം 2015 സെപ്റ്റംബറോടു കൂടി പുറപ്പെടുവിക്കാനാവുമെന്ന സൂചനയാണ് ബഹു.കേന്ദ്ര വനം-പരിസ്ഥിതി മന്ത്രി യോഗത്തിൽ നൽകിയത്. കരട് വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ പരിസ്ഥിതിലോല പ്രദേശങ്ങളുടെ അതിർത്തി വിവരണം അടങ്ങിയ റിപ്പോർട്ട് സമർപ്പിക്കുന്നതിന് 2015 ജൂലൈ 30 വരെ മാത്രമെ സമയം നൽകുകയുള്ളൂ എന്ന് അറിയിക്കുകയാണ് ചെയ്തത്. |

(con.d........2...)

(ഡി) സർക്കാർ നിയോഗിച്ച ഉമ്മൻ വി. ഉമ്മൻ കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശ കേന്ദ്ര പരിസ്ഥിതി മന്ത്രാലയം അംഗീകരിക്കുകയുണ്ടായിട്ടുണ്ടോ; ഇതു നിലനിൽക്കെ വീണ്ടും റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണോ; ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

(ഡി) കസ്തൂരിരംഗൻ ശുപാർശകൾ സംബന്ധിച്ച് പഠനം നടത്തി അഭിപ്രായം സമർപ്പിക്കാനായി സംസ്ഥാന സർക്കാർ പ്രൊഫ. ഉമ്മൻ വി. ഉമ്മൻ കമ്മിറ്റിയെ നിയോഗിക്കുകയുണ്ടായി. ടി കമ്മിറ്റി ശുപാർശ ചെയ്തിട്ടുള്ളതും സംസ്ഥാന സർക്കാർ അംഗീകരിച്ചിട്ടുള്ളതുമായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് കേന്ദ്രസർക്കാർ പരിസ്ഥിതിലോല പ്രദേശങ്ങളുടെ കരട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളത്. കരട് വിജ്ഞാപന പ്രകാരം പരിസ്ഥിതിലോല പ്രദേശം ആകെ 9993.7 ച.കി.മീ. ആണ്. അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് മുമ്പായി പരിസ്ഥിതിലോല വില്ലേജുകളുടെ അതിർത്തി വിവരണ റിപ്പോർട്ട് സമർപ്പിക്കുന്നതിനാണ് കേരളത്തോട് ആവശ്യപ്പെട്ടിട്ടുള്ളത്. അതിർത്തി വിവരണ റിപ്പോർട്ട് 30.07.2015-ന് മുമ്പായി നൽകാനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്.

സെക്ഷൻ ഓഫീസർ